**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 86** **12-10-2026-ൽ മറുപടിയ്ക്ക്**

**ചേലക്കര ബൈപ്പാസ് നിർമ്മാണ പ്രവൃത്തികൾക്കായി കിഫ്ബി ധനസഹായം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. യു. ആർ. പ്രദീപ് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** കിഫ്ബിയിൽ നിന്നും തുക അനുവദിക്കുന്നതും പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയതുമായ ചേലക്കര ബൈപ്പാസ് നിർമ്മാണ പ്രവൃത്തികൾക്കായി കിഫ്ബിയിൽ നിന്നും എത്ര കോടി രൂപ ലാന്റ് അക്വിസിഷൻ നടപടികൾക്കായി ഇതുവരെ പൊതുമരാമത്ത് വകുപ്പിന് അനുവദിച്ചിട്ടുണ്ട്;

**മറുപടി:** പ്രസ്തുത പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കുവേണ്ടി 3.168 കോടി രൂപയുടെ സാമ്പത്തികാനുമതി 30.03.2023 തീയതിയിലെ PWD003-15/TE-5/2023/KIIFB ഉത്തരവ് പ്രകാരം കിഫ്ബി നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിൽ (KRFB) നിന്നും ലഭിച്ച വിവരമനുസരിച്ച്, പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ നിലവിൽ പുരോഗമിച്ചുവരികയാണ്. പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**(ബി)** നിലവിൽ ഈ പ്രവൃത്തി എത്ര കോടി രൂപയുടേതാണ്;

**മറുപടി:** തൃശ്ശൂർ ജില്ലയിലെ ചേലക്കര ബൈപ്പാസ്സ് നിർമ്മാണ പ്രവൃത്തിക്ക 27.09.2016 തീയതിയിലെ G.O(Rt)No.1324/2016/PWD ഉത്തരവ് പ്രകാരം 20 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.നിലവിൽ പ്രസ്തുത പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി മാത്രം കിഫ്ബിയിൽ നിന്നും ₹3.168 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്

**(സി)** ചേലക്കര ടൗണിലെ വർദ്ധിച്ച ഗതാഗത തിരക്ക് കണക്കിലെടുത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുക അനുവദിക്കുന്നതിന് കിഫ്ബി മുഖ്യ പരിഗണന നൽകുമോ; വ്യക്തമാക്കുമോ?

**മറുപടി:** നിലവിൽ ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ സംബന്ധിച്ച് 13.08.2026-ന് നടന്ന കിഫ്ബി ജനറൽ ബോഡി യോഗത്തിലെ തീരുമാന പ്രകാരം ലാൻഡ് അക്വിസിഷൻ

പൂളി'ൽ ഉൾപ്പെടാത്ത പദ്ധതികളുടെ ഭൂമി ഏറ്റെടുക്കൽ നടപടികളും ഓരോ കേസും പ്രത്യേകം പരിഗണിച്ച് നടപ്പിലാക്കുകയും അതോടൊപ്പം, ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരമുള്ള 11(1) വിജ്ഞാപനം അധികൃതർ പ്രസിദ്ധീകരിച്ചിട്ടുള്ള കേസുകളിൽ തുടർനടപടികൾ സ്വീകരിക്കാനും തീരുമാനിച്ചിട്ടുണ്ട് . ആയതിനാൽ ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് നിർവ്വഹണ ഏജൻസി പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിക്ക് സമർപ്പിച്ച് ആയത് അവലോകനം നടത്തി കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ ജനറൽ ബോഡി യുടെ അംഗീകാരത്തിന് വിധേയമായി നിർമാണ പ്രവൃത്തി കൂടി ഉൾപ്പെടുത്തി ധനാനുമതി പരിഷ്കരിച്ച് നൽകുന്നതിന് കിഫ്ബി നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**